(എ) സംസ്ഥാനത്തെ ചെറിയ നദികൾക്കും തോടുകൾക്കും ചെറുദ്വീപുകളെ കരയുമായി ബന്ധിപ്പിക്കുന്നതിനും ചെലവ് കുറഞ്ഞ ടെക്നോളജി ഉപയോഗിച്ച് പാലങ്ങൾ നിർമ്മിക്കാമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യ ഉപയോഗിച്ച് പാലങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ച സർക്കാർ നയം വിശദമാക്കാമോ;

(സി) ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിച്ച ഇരുമ്പ് ഫ്രെയിം പാലങ്ങൾ ഇപ്പോഴും കേടുകൂടാതെ നിലനിൽക്കുന്നുവെന്നത് പരിഗണിച്ചും അവയുടെ ചെലവ് കുറവ് പരിഗണിച്ചും ഈ ടെക്നോളജി ഉപയാഗിക്കുന്നത് സംബന്ധിച്ച് സർക്കാർ സാദ്ധ്യതാ പഠനം നടത്തുവാൻ തയ്യാറാകുമോ എന്നറിയിക്കാമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ—സി) റീ ഇൻഫോഴ്സ്ഡ് കോൺക്രീറ്റ് (ആർ. സി. സി.) ഉപയോഗിച്ച് പാലം പണിയുന്നതാണ് കൂടുതൽ ലാഭകരവും അനുയോജ്യവുമെന്നതിനാൽ ഈ രീതിയാണ് പാലം നിർമ്മാണത്തിന് ഇപ്പോൾ അവലംബിച്ചു വരുന്നത്. ഇരുമ്പ് ഉപയോഗിച്ച് നിർമ്മിക്കുന്ന പാലങ്ങൾക്ക് നിർമ്മാണച്ചെലവും മെയിന്റനൻസ് ചെലവും കൂടുതലായതിനാൽ ഈ രീതി ലാഭകരമല്ലെന്നു കണ്ടെത്തിയിട്ടുണ്ട്. ചെലവുകുറഞ്ഞ മറ്റ് സാങ്കേതിക വിദ്യ പാലം നിർമ്മാണത്തിനു പ്രയോജനപ്പെടുത്താൻ കഴിയുമോ എന്ന കാര്യം പരിശോധിക്കാവുന്നതാണ്.

കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് രീതിയിൽ മാറ്റം വരുത്താനുള്ള തീരുമാനം

*5 [841] ശ്രീ. മത്തായി ചാക്കോ:
,, കോടിയേരി ബാലകൃഷ്ണൻ:
,, കെ. പി. സതീശ്ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് രീതിയിൽ മാറ്റം വരുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത്;

(സി) മാറ്റങ്ങൾ വരുത്തുന്നതിന് മുൻപ് ഏതെങ്കിലും വിദ്യാർത്ഥി സംഘടനകളുമായി കൂടിയാലോചിച്ചിരുന്നുവോ;

(ഡി) യൂണിയൻ തെരഞ്ഞെടുപ്പ് രീതിയിൽ മാറ്റം വരുത്തുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) ഉണ്ട്.

(ബി) നിലവിലുള്ള രാഷ്ട്രീയാടിസ്ഥാനത്തിലുള്ള വിദ്യാർത്ഥി തെരഞ്ഞെടുപ്പ് രീതി നിയന്ത്രിക്കാനും പാർലമെന്ററി മാതൃകയിൽ കോളേജ് തെരഞ്ഞെടുപ്പ് പരിഷ്കരിക്കാനും ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) നിലവിലുള്ള തെരഞ്ഞെടുപ്പ് രീതിയാണ് കലാലയത്തിനുള്ളിലെ സംഘർഷത്തിനുള്ള ഒരു പ്രധാന കാരണമെന്ന് കരുതുന്നു. രാഷ്ട്രീയാടിസ്ഥാനത്തിലുള്ള വിദ്യാർത്ഥി തെരഞ്ഞെടുപ്പു രീതി നിയന്ത്രിക്കുന്നതിനുള്ള കർശനമായ അച്ചടക്കം ക്യാമ്പസിനുള്ളിൽ നിലനിർത്താൻ കഴിയുമെന്നതിനാലാണ് കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് ഈ രീതിയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നത്.

ഗ്രൂപ്പ് വില്ലേജുകൾ പ്രത്യേക വില്ലേജുകളാക്കുന്നതിന് നടപടി

*6 [842] ശ്രീ. സാജുപോൾ:
„ പിരപ്പൻകോട് മുരളി:
„ കെ. കെ. ജയചന്ദ്രൻ:
„ എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗ്രൂപ്പ് വില്ലേജുകളാണ് നിലവിലുള്ളത്; അവ ഏവ;

(ബി) ഗ്രൂപ്പ് വില്ലേജുകൾ പ്രത്യേകം വില്ലേജുകളാക്കുന്നതിന് സർക്കാർ നയപരമായി തീരുമാനിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത തീരുമാനം എന്നു മുതൽ നടപ്പിലാക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) പ്രത്യേകം വില്ലേജുകൾ ആകാത്തതുമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഗ്രൂപ്പ് വില്ലേജുകൾ പ്രത്യേകം വില്ലേജുകളാക്കി മാറ്റുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളുമോ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) 134 ഗ്രൂപ്പ് വില്ലേജുകൾ അവയുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി—ഇ) ഗ്രൂപ്പ് വില്ലേജുകൾ പ്രത്യേകം വില്ലേജുകൾ ആക്കാത്തതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവ വിഭജിക്കുന്നതിന് പുതിയ കെട്ടിടങ്ങളും, സ്റ്റാഫും ആവശ്യമാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് ഘട്ടം ഘട്ടമായി ഇതു നടപ്പിലാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

† അനുബന്ധം I കാണുക.

LIBRARY ARCHIVES Kerala Legislative Assembly